ഉത്തരം

(എ) തലശ്ശേരിയിൽ ഒരു റൂറൽ ഐ.ടി & ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിന് തലശ്ശേരി, എരഞ്ഞോളി വില്ലേജിൽ 4.48 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബ്രോഡ്ബാൻഡ് കണക്ഷൻ

184(2222) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒപ്റ്റിക് ഫൈബർ കേബിൾ ഉപയോഗിച്ചുള്ള അതിവേഗ ബ്രോഡ്ബാൻഡ് കണക്ഷൻ ഏതെല്ലാം പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട് ; ഇതിന് ആവശ്യമായി വന്ന തുക എത്രയാണ്;

(ബി) ബാക്കിയുള്ള പഞ്ചായത്തുകളിൽ ബ്രോഡ്ബാൻഡ് കണക്ഷൻ എപ്പോൾ ഏർപ്പെടുത്തും; ഇതിന് കണക്കാക്കുന്ന ചിലവ് എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ പഞ്ചായത്തുകളിലും അതിവേഗ ബ്രോഡ്ബാൻഡ് കണക്ഷൻ പൂർത്തിയായാൽ സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ എന്താണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ 977 ഗ്രാമ പഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് പദ്ധതി പ്രകാരം കണക്റ്റിവിറ്റി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

(സി) ഗ്രാമ പ്രദേശങ്ങൾ നേരിടുന്ന കണക്റ്റിവിറ്റി അപര്യാപ്തതയ്ക്ക് ഒരളവുവരെ ഈ പദ്ധതി കൊണ്ട് പരിഹാരം കാണാനാവും. ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ അതിവേഗ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ഇതിലൂടെ ലഭ്യമാക്കാവുന്നതാണ്. അതോടൊപ്പം സർക്കാർ നൽകിവരുന്ന ഇ-സർവ്വീസുകളും ഇ-ഗവേണൻസ് പദ്ധതികളും സംസ്ഥാനത്തെ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly